**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4583** **19-07-2022 - ൽ മറുപടിയ്ക്ക്**

**ചെല്ലൻകാവ് മിനിഡാം പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി നിർമാണാനുമതി ലഭിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർ നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ? | (എ) | 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ അനുബന്ധം 2 വാല്യം 2 ക്രമ നം.2625-ൽ (ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ) മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനഃനിർമ്മിക്കുന്നതിനു വേണ്ടി 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. (അടങ്കൽ തുക 500 ലക്ഷം).<br><br>ചെല്ലൻകാവ് മിനി ഡാമിന്റെ പുനഃനിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള പരിശോധ നയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ്നിലവിലുള്ളതെന്ന് പുതു ശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽ നിന്നും അറിഞ്ഞതിനെ തുടർന്ന് പാലക്കാട് തഹസീൽദാറുമായി ബന്ധപ്പെടുകയും, തഹസീൽദാർ പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും, ഉടമസ്ഥരുടെയും പേര് വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കത്ത് നല്കുകയും ആയതിനുള്ള മറുപടി ലഭിക്കുകയും ചെയ്തു. ടി മറുപടി പ്രകാരം മിനി ഡാം സ്ഥിതി ചെയ്യുന്ന സ്ഥലം റീ സർവ്വേ നം 26/2 ആണെന്നും ഉടമസ്ഥാവകാശം ശ്രീ.ഉണ്ണികൃഷ്ണൻ മകൻ ഗോപാലകൃഷ്ണൻ കഞ്ചിക്കോടിനാണെന്നും അറിയാൻ കഴിഞ്ഞു.<br><br>മിനി ഡാം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഒന്നുകൂടെ വ്യക്തത വരുത്തുന്നതിന് വേണ്ടി പാലക്കാട് തഹസീൽദാർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഓർമ്മക്കുറിപ്പുകൾ ബന്ധപ്പെട്ട കാര്യാലയ ങ്ങളിൽ നിന്നും നല്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ